വള്ളങ്ങളും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വയർലസ് മുഖാന്തിരം വാർത്താവിനിമയ സംവിധാനം ഏർപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**16 (*569) അഴിമുഖങ്ങളിൽ നിക്ഷേപിച്ച മത്സ്യക്കുഞ്ഞുങ്ങൾ**

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അഴിമുഖങ്ങളിൽ നിക്ഷേപിച്ച 20 ദിവസം പ്രായമുള്ള ലാർവ സർക്കാരിന് എവിടെ നിന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹാച്ചറികളിൽ മുട്ടയുള്ള ചെമ്മീൻ കിട്ടുന്നത് ഒക്ടോബർ, നവംബർ മാസങ്ങളിലാണോ;

(സി) 20 ദിവസം പ്രായമുള്ള ലാർവ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ സർക്കാരിന് എവിടെനിന്നാണ് ലഭ്യമായത് എന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യഫെഡിന്റെ കീഴിലുള്ള ഹാച്ചറികളിൽ 1998-ൽ എത്ര ചെമ്മീൻകുഞ്ഞുങ്ങളെ വിരിയിച്ചിട്ടുണ്ട്;

(ഇ) അഴിമുഖത്ത് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു മുൻപ് പ്രസ്തുത അഴിമുഖത്തിന്റെയും വെള്ളത്തിന്റെയും സ്വഭാവത്തെപ്പറ്റി പഠിക്കാറുണ്ടോ;

(എഫ്) അക്വാഫാമുകളിൽ ചൂടും ഓക്സിജനും ഇറക്കുമതി ചെയ്ത ഫീഡും കൊടുത്താണോ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നത്;

(ജി) എങ്കിൽ കടലിൽ ഇട്ടിട്ടുള്ള മത്സ്യക്കുഞ്ഞുങ്ങൾ നശിച്ചുപോകാതെ എങ്ങനെ നിലനിർത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സർക്കാർ ഹാച്ചറികൾ, മത്സ്യഫെഡ് ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നുമാണ് ലഭിച്ചത്.

(ബി) ഒക്ടോബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ്.

(സി) സർക്കാർ/മത്സ്യഫെഡ് ഹാച്ചറികളിൽ നിന്നാണ് പി.എൽ. 20 ലാർവകൾ ലഭ്യമായത്.

(ഡി) മത്സ്യഫെഡിന്റെ കീഴിലുള്ള ഓരുജല ചെമ്മീൻ ഹാച്ചറികളിൽ 1998-99 വർഷത്തിൽ 63.88 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ വിരിയിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അല്ല. ആവശ്യമെന്നുകണ്ടാൽ ഓക്സിജൻ കൊടുക്കാനുള്ള സംവിധാനം അക്വാഫാമുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത ഫീഡാണ് ഉപയോഗിച്ചുവരുന്നത്. ചൂട് കൊടുക്കേണ്ട ആവശ്യം വന്നിട്ടില്ല.

(ജി) കടലിൽ പ്രകൃത്യാ മത്സ്യക്കുഞ്ഞുങ്ങൾ വളർന്നു വലുതാവുന്നതിനാവശ്യമായ ഭൗതികമായ സാഹചര്യങ്ങൾ ലഭ്യമാണ്. എന്നാലും അനുയോജ്യമായ രാസഭൗതിക ഗുണങ്ങളുള്ള ജലപ്രദേശങ്ങൾ അഴിമുഖങ്ങളിൽ തെരഞ്ഞെടുത്ത് ഗുണമേന്മയുള്ള കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതുകൊണ്ട് മത്സ്യക്കുഞ്ഞുങ്ങൾ നശിച്ചുപോകാതെ പരമാവധി സംരക്ഷിക്കുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly